**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ കടലുണ്ടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ. നംഷീദ്. കെ.പി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 742/2017 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ(സാധാ) നം.3142/2017/തസ്വഭവ തീയതി, തിരുവനന്തപുരം,25/09/2017

=================================================================

പരാമർശം:- 1. സ.ഉ (പി) നം 656/12/ധന. തീയതി 01.12.2012.

2. ശ്രീ. നംഷീദ്. കെ.പി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 742/17 നമ്പർ കേസ്സിന്മേലുള്ള 17.07.2017-ലെ ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 20.05.2015 ലെ ഇ 5-12487/15/എൽഡിസ് നമ്പർ കത്ത്.

4. പഞ്ചായത്ത് ഡയറക്ടറുടെ 25.08.2017-ലെ ഇ 5-18798/17 നം. കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ കടലുണ്ടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ. നംഷീദ്. കെ.പി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 742/2017 നമ്പർ കേസ്സിന്മേൽ ബഹു ട്രിബ്യൂണൽ അനക്സർ എ 6 നിവേദനം പരിശോധിച്ച് ഉത്തരവ് ലഭിയ്ക്കുന്ന തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീ. നംഷീദ്. കെ.പി വിദേശത്ത് മെച്ചപ്പെട്ട ജോലിയ്ക്ക് അവധിയ്ക്കായി 24.03.2015 ൽ സമർപ്പിച്ച അനക്സർ എ 1 അവധിയപേക്ഷ പരാമർശം (3) പ്രകാരം നിരസിച്ചതിനെതിരെയാണ് അനക്സർ എ 6 നിവേദനം സമർപ്പിച്ചിരിക്കുന്നത്.

3. പരാമർശം (1) ഉത്തരവ് പ്രകാരം കെ.എസ്.ആർ. ഭാഗം 1, Appendix XII A പ്രകാരമുള്ള അവധി അനുവദിക്കേണ്ട അധികാരം വകുപ്പ് അധ്യക്ഷന്മാർക്ക് നൽകിയിട്ടുണ്ട്. ശ്രീ. നംഷീദ്. കെ.പി വിദേശത്ത് മെച്ചപ്പെട്ട ജോലിയ്ക്ക് അവധിയ്ക്കായി 24.03.2015 ൽ സമർപ്പിച്ച അവധിയപേക്ഷ ടിയാൻ രാമനാട്ടുകര ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന കാലയളവിൽ കെട്ടിട നമ്പർ നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് രജിസ്റ്റർ ചെയ്ത കേസിൽ ടിയാന്റെ പേര് കൂടി ഉൾപ്പെട്ടിരുന്നതിനാലും കേസിന്റെ അന്വേഷണത്തിനും തീർപ്പുകൽപ്പിക്കലിനും ടിയാൻ വിദേശത്തായാൽ കാലതാമസം നേരിടുമെന്നും കണ്ട് ടിയാന്റെ ശൂന്യവേതനാവധി അപേക്ഷ പരാമർശം(3) പ്രകാരം നിരസിക്കുകയുണ്ടായി. ടിയാൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന പ്രൊഫോർമ റിപ്പോർട്ടിൽ വിജിലൻസ് കേസ് ഉള്ള കാര്യം മറച്ച് വച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ വിജിലൻസ് കേസിൽ ടിയാൻ ഉൾപ്പെട്ടിട്ടില്ലെന്നും സെക്രട്ടറിയ്ക്കും ടെക്നിക്കൽ സ്റ്റാഫിനും എതിരെയാണ് വിജിലൻസ് കേസ് ആരംഭിച്ചിട്ടുള്ളതെന്നും ടിയാന്റെ Annexure A6 നിവേദനത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

4. കെ.എസ്.ആർ. ഭാഗം 1, Appendix XII A പ്രകാരമുള്ള അവധി അപേക്ഷ പഞ്ചായത്ത് ഡയറക്ടർ നിരസിച്ചതിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ലഭിച്ചിരുന്നെങ്കിലും ടി അപേക്ഷ പ്രകാരം അവധി ആവശ്യപ്പെട്ടിരുന്ന കാലയളവിൽ ടിയാൻ സേവനത്തിലുണ്ടായിരുന്നതിനാലും അപ്പീൽ അപേക്ഷയോടൊപ്പം പുതിയ അവധി അപേക്ഷയും അനുബന്ധങ്ങളും ഇല്ലാതിരുന്നതിനാലും അപാകതകൾ പരിഹരിച്ച് നൽകുന്നതിന് കടലുണ്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായെങ്കിലും അപേക്ഷകന്റെ ഭാഗത്ത് നിന്നും യാതൊരു വിധ തുടർനടപടികളും ഉണ്ടായിട്ടില്ലായെന്നും കെ.എസ്.ആർ. ഭാഗം 1, Appendix XII A പ്രകാരമുള്ള അവധി അപേക്ഷയും അനുബന്ധങ്ങളും ടിയാൻ ഇപ്പോഴും സമർപ്പിച്ചിട്ടില്ല എന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ കടലുണ്ടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ. നംഷീദ്. കെ.പി യുടെ കെ.എസ്.ആർ. ഭാഗം 1 Appendix XII A പ്രകാരമുള്ള അവധി അനുവദിക്കുന്നതിനുള്ള അധികാരം പരാമർശം(1) ഉത്തരവ് പ്രകാരം വകുപ്പ് അദ്ധ്യക്ഷന്മാർക്ക് നൽകിയിട്ടുള്ളതിനാലും, ടിയാന്റെ അവധിയപേക്ഷ സർക്കാരിൽ പരിഗണനയിലില്ലാത്തതിനാലും കെ.എസ്.ആർ. ഭാഗം 1, Appendix XII A പ്രകാരം വിദേശത്ത് പോകുന്നതിന് തടസ്സമില്ലെന്ന വിജിലൻസ് ഡയറക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രവും ആവശ്യമായ രേഖകളും സഹിതം ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ശ്രീ. നംഷീദ്. കെ.പി യുടെ അപേക്ഷയിന്മേൽ ഉചിത തീരുമാനം എടുക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഇപ്രകാരം പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17.07.2017-ലെ OA 742/2017 നമ്പർ കേസ്സിന്മേലുള്ള ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. നംഷീദ്. കെ.പി, സീനിയർ ക്ലാർക്ക്, കടലുണ്ടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കടലുണ്ടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം.ഇ-157/ഇപിഎ 1/2017)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ